**കേരള കാർഷികസർവകലാശാല**

ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്, കെ.എ.യു പി.ഒ, വെള്ളാനിക്കര, തൃശ്ശൂർ - 680 656

e-mail dpp@kau.in Phone No. 0487-2438151, 2438154

---

നം. KAUDPP/1659/2025-DPP A1 തീയതി. വെള്ളാനിക്കര, 29-10-2025

**ലേല /ദർഘാസ് പരസ്യം 07/2025-26**

കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാറുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന വാഹനങ്ങൾ ഇപ്പോൾ നിലവിലുള്ള അവസ്ഥയിൽ ദർഘാസ് സ്വീകരിച്ച് പരസ്യമായി ലേലം ചെയ്യുന്നു.

| ക്രമ നമ്പർ | വാഹനത്തിന്റെ വിവരം | നിരതദ്രവ്യം | ലേല തീയ്യതി | സ്ഥലം | സമയം |
|---|---|---|---|---|---|
| 1 | **KL 08 AU 1476**<br>**(Ford Fiesta)** | **6,000/-** | **12/11/2025** | അക്കാ ദെമിക്ക് ബ്ലോക്ക് I, കാർഷിക കോളേജ് വെള്ളാനിക്കര | **11.00 AM** |
| 2 | **KL 08 AT 8489**<br>**(Tata Indigo Manza)** | **4,250/-** | **15/11/2025** | കാർഷിക കോളേജ് വെള്ളായണി | **11.30 AM** |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപ് അതാത് വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് ടോക്കൺ വങ്ങേണ്ടതുമാണ്. ടി വാഹനങ്ങളുടെ വിൽപ്പനയ്ക്ക് ദർ ഘാസുകൾ സീൽ ചെയ്ത കവറിൽ നേരിട്ടോ തപാൽ മുഖേനയോ **"ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിന്റെ"** കാര്യാലയത്തിൽ അതാത് വാഹനത്തിന്റെ ലേലത്തിന്റെ തലേ ദിവസം ഉച്ചക്ക് മൂന്ന് മണി വരെ സ്വീകരിക്കുന്നതാണ്. ദർഘാസിനൊപ്പം ഓരോ വാഹനത്തിനും നിരതദ്രവ്യം മേൽ പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും "ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിന്റെ" പേരിൽ വാങ്ങിയതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കാർഷിക സർവകലാശാല ബ്രാഞ്ചിൽ മാറാവുന്നതുമായ ഡി.ഡി. വയ്ക്കേണ്ടതാണ്. കവറിനു മുകളിൽ *'വാഹന ലേലത്തിനുള്ള ദർഘാസ്'.............................(വാഹന രജിസ്ട്രേഷൻ നമ്പർ)* എന്ന് വ്യക്തമായി എഴുതിയിരിക്കണം. ഓരോ വാഹനത്തിനും പ്രത്യേകം ദർഘാസും നിരതദ്രവ്യവും നൽകേണ്ടതാണ്. പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ ലേലക്കാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ ഏതിലാണോ കൂടുതൽ തുക കാണുന്നത് ആ തുകയ്ക്ക് വിൽപ്പന സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്ന വ്യക്തികൾ 18% ജി.എസ്.ടി ഉൾപ്പെടെ ലേലം/ ദർഘാസ് തുക മുഴുവനായും അടയ്ക്കേണ്ടതാണ്. കൂടാതെ ഉടമസ്ഥാവകാശം മാറ്റുന്നതിമുള്ള നടപടിക്രമങ്ങൾക്ക് ആവശ്യമായ രേഖകൾ (ആധാർ, പാൻ etc..) നൽകേണ്ടതാണ്. ലേലം/ ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 7 ദിവസത്തിനകം വാഹനം സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും കൊണ്ടുപോവേണ്ടതാണ്. ലേലം കൊണ്ടയാൾ മേൽ പറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ അടച്ച നിരതദ്രവ്യം സർവ്വകലാശാലയിലേക്കു മുതൽകൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർവ്വകലാശാലയിലേക്കു എന്തെങ്കിലും

നഷ്ടം വന്നാൽ ആയതിന് മുൻലേലക്കാരൻ ഉത്തരവാദിയാകുന്നതും ആയത്  ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. എന്നാൽ പുനർലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ആയതിനു ടിയാൻ അർഹനായിരിക്കുന്നതല്ല. ലേലം ചെയ്യപ്പെടുന്ന വാഹനങ്ങൾ പരിശോധിക്കണമെന്നുള്ളവർക്ക് ലേല തീയതിക്ക് തൊട്ടു മുൻപുള്ള പ്രവർത്തി ദിനങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയത്ത് വാഹനം സൂക്ഷിച്ചിട്ടുള്ള കേന്ദ്രം മേധാവിയുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.  വാഹനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

1. 0487-2438626 (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, മെക്കാനിക്കൽ സബ് ഡിവിഷൻ, വെള്ളാനിക്കര)
2. 9747000839 (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ സബ് ഡിവിഷൻ, വെള്ളാനിക്കര)

ലേലം സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുന്നതിനും യാതൊരു കാരണവും കൂടാതെ ഈ നോട്ടീസ് പ്രകാരമുള്ള ലേലം / ദർഘാസ് നടപടികൾ മാറ്റിവെയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുമുള്ള അധികാരം ഡി.പി.പി.യിൽ നിക്ഷിപ്തമാണ്.

Dr. Mary Regina F
DPP KAU

പകർപ്പ് : രജിസ്ട്രാർ/ പി എ ടു ഡി പി പി /നോട്ടീസ് ബോർഡ് / കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി വെബ്സൈറ്റ് / എല്ലാ സർവകലാശാല കേന്ദ്രങ്ങളിലേയ്ക്കും

Signed by
Sujatha C
Date: 29-10-2025 16:59:19